# കിതാബുകളിലുള്ള വിശ്വാസം

മനുഷ്യർ ശരിയായ മാർഗത്തിൽ ജീവിക്കുവാനാവശ്യമായ ഉപദേശ നിർദേശങ്ങൾ ഉൾകൊള്ളുന്ന വേദഗ്രന്ഥങ്ങൾ അല്ലാഹു നബിമാർക്ക് നൽകിയിട്ടുണ്ട്. ഇതിന്നാണ് കിതാബുകൾ എന്നു പറയുന്നത്. ക്വുർആൻ മുഹമ്മദ് നബി(ﷺ)ക്ക് നൽകിയ കിതാബാകുന്നു. അതു പോലെ ഈസാ നബി (عليه السلام)ന് ഇഞ്ചീൽ, മൂസാ നബി(عليه السلام)ന് തൗറാത്ത്, ദാവൂദ് നബി (عليه السلام) ന് സബൂർ എന്നീ കിതാബുകൾ നേരത്തെ നൽകിയിട്ടുണ്ട്. ഇക്കാര്യം ക്വുർആനിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മറ്റു നബിമാർക്ക് നൽകിയ കിതാബുകളുടെ പേരുകൾ ക്വുർആനിൽ പറഞ്ഞിട്ടില്ല.



ആരാധനക്കർഹൻ അല്ലാഹു മാത്രമാണ് എന്ന സന്ദേശം എല്ലാ പ്രവാചകൻമാരും ജനങ്ങൾക്ക് എത്തിച്ചു കൊടുത്തിരുന്നു. മനുഷ്യൻെറ ജീവിതം മരണത്തോടെ അവസാനിക്കുന്നില്ല. മരണശേഷം മനുഷ്യന് ഒരു ശാശ്വത ജീവിതമുണ്ട്. എന്നിവയാണ് എല്ലാ വേദഗ്രന്ഥങ്ങളിലുമുള്ള അടിസ്ഥാന വിഷയങ്ങൾ. ഇവയ്ക്കു പുറമെ ജീവിത വിജയത്തിന് ആവശ്യമായ വിധി വിലക്കുകളും സാരോപദേശങ്ങളും അവയിലുണ്ട്.

മേൽപറഞ്ഞ വേദഗ്രന്ഥങ്ങളെയെല്ലാം പരിശുദ്ധ ക്വുർആൻ അംഗീകരിക്കുന്നു. എന്നാൽ അവയൊന്നും ശരിയായ രൂപത്തിൽ ഇന്നു നിലവിലില്ല. ജൂതൻമാർ തൗറാത്തും ക്രിസ്ത്യാനികൾ ഇഞ്ചീലും ഇന്നും ഉപയോഗിച്ചു വരുന്നു. പക്ഷേ അവർ സ്വന്തം

വകയായി അവയിൽ മാറ്റത്തിരുത്തലുകൾ വരുത്തി. എല്ലാ വേദഗ്രന്ഥങ്ങളുടേയും മുഖ്യമായ വിഷയം ഏകദൈവ വിശ്വാസമായിരുന്നുവല്ലോ. എന്നാൽ ക്രിസ്ത്യാനികൾ ഈസാ നബി ദൈവ പുത്രനാണെന്ന് വിശ്വസിക്കുന്നു. അത് ബഹു ദൈവ വിശ്വാസമാണെന്നതിൽ ഒരു സംശയവുമില്ല. അപ്പോൾ വേദഗ്രന്ഥത്തിലെ മുഖ്യ വിഷയം തന്നെ തലതിരിഞ്ഞു പോയിരിക്കുന്നുവെന്നർത്ഥം. അതുകൊണ്ട് വിശുദ്ധ ക്വുർആൻ ഒഴികെ നിലവിലുള്ള ഒരു വേദഗ്രന്ഥവും സ്വീകരിക്കാവതല്ല. ക്വുർആൻ അവസാനത്തെ വേദഗ്രന്ഥമാണ്. യാതൊരു മാറ്റവും



കൂടാതെ, അവതരിച്ച നിലയിൽ ഇന്നും അത് നിലനിന്നു വരുന്നു. അതിനാൽ എല്ലാ മനുഷ്യരും ക്വുർആൻ പിൻപറ്റി ജീവിക്കുവാൻ ബാധ്യസ്ഥരാണ്.